പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4141 18/10/2011 ൽ മറുപടിയ്ക്ക്

# എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയിൽ പട്ടികജാതി വിദ്യാർത്ഥികൾക്ക് പരിശീലനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. പി. സജീന്ദ്രൻ<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. പി. എ. മാധവൻ | ശ്രീ. എ.പി. അനിൽകുമാർ<br>(പട്ടികജാതി പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന എഞ്ചിനീയറിംഗ് പ്രവേശനപരീക്ഷയിൽ പട്ടികജാതി വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; | (എ) ഉണ്ട് |
| (ബി) ഇതിന്റെ വിശദാംശങ്ങൾ എന്തെല്ലാമാണ്; | (ബി) **1.** വിഷൻ - 2013 എന്ന പേരിൽ 2011-12 വർഷം മുതൽ എൻട്രൻസ് കോച്ചിംങ്ങിന് പുതിയതായി ഒരു പ്രോജക്ട് ആരംഭിച്ചിട്ടുണ്ട്. 2011 മാർച്ച് 31-ന് എസ്.എസ്.എൽ.സി. പരീക്ഷ പാസ്സായി +1 പരീക്ഷയ്ക്ക് പഠിയ്ക്കുന്ന (സയൻസ് വിഷയം) പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് എല്ലാ ജില്ലകളിലും മെച്ചപ്പെട്ട സ്ഥാപനങ്ങൾ വഴി എൻട്രൻസ് പരിശീലനം നൽകി 2013-ൽ നടക്കുന്ന എൻട്രൻസ് പരീക്ഷയിൽ പങ്കെടുക്കുന്നതിന് സജ്ജമാക്കുന്നു. ഒരു കുട്ടിയ്ക്ക് 20,000/- രൂപയാണ് ട്യൂഷൻ ഫീസായി നിശ്ചയിച്ചിട്ടുള്ളത്. |

2. കൂടാതെ വകുപ്പിന്റെ കീഴിൽ . തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, പാലക്കാട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന നാല് പി.ഇ.റ്റി.സി. കൾ വഴി എൻട്രൻസ് പരീക്ഷയിൽ പങ്കെടുക്കുന്നതിന് പരിശീലനം നൽകി വരുന്നുണ്ട്.

(സി) പരിശീലനാർത്ഥികളെ തെരഞ്ഞെടുക്കാൻ യോഗ്യതകൾ നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം?

(സി) 2011 മാർച്ചിലെ എസ്.എസ്.എൽ.സി പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും A+,A അല്ലെങ്കിൽ B+ എങ്കിലും ഗ്രേഡ് നേടിയവരും, സയൻസ് ഗ്രൂപ്പെടുത്ത് +1 ന് പഠിക്കുന്നവരും, രക്ഷിതാക്കളുടെ വാർഷിക വരുമാനം നാലര ലക്ഷം രൂപയിൽ താഴെയുള്ളവരുമായ പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്കാണ് വിഷൻ-2013 പ്രകാരം പരിശീലനം നൽകുന്നത്.

പി.ഇ.റ്റി.സി.കളിൽ പ്രവേശനത്തിന് പ്രത്യേകമായ യോഗ്യതകൾ നിഷ്കർഷിച്ചിട്ടില്ല. +1 കോഴ്സിന് തുടർന്ന് പഠിക്കുന്ന എൻട്രൻസ് പരീക്ഷയിൽ പങ്കെടുക്കുവാൻ താൽപര്യമുള്ള പട്ടികജാതിയിൽപ്പെട്ട, വിദ്യാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിച്ച് ഇന്റർവ്യൂ നടത്തി കുട്ടികളെ തെരഞ്ഞെടുക്കുന്നു.

സെക്ഷൻ ഓഫീസർ